(ബി) ഈ ചെലവുകൾ വഹിക്കുന്നത് കൂടാതെയാണോ അവയ്ക്ക് ബഡ്ജറ്റിന്റെ നിശ്ചിത ശതമാനം തുക നൽകുന്നത് ;

(സി) ഇത് ബഡ്ജറ്റിന്റെ എത്ര ശതമാനം വരും ;

(ഡി) തദ്ദേശ ഭരണ സ്വാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്റ്റാഫിനുവേണ്ടിയുള്ള ചെലവും മറ്റ് ചെലവുകളും ബഡ്ജറ്റിൽ ചേർത്ത് അവയ്ക്ക് നൽകുന്ന തുകയും കൂടിച്ചേർത്താൽ ബഡ്ജറ്റിന്റെ എത്ര ശതമാനം തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത് ?

ഉത്തരം

(എ) അതെ.

(ബി) അതെ.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ ഏകദേശം 28% പദ്ധതി ഗ്രാന്റായും നികുതി വരുമാനത്തിന്റെ 5.5% മെയിന്റനൻസ് ഗ്രാന്റായും 3.5% പൊതു ആവശ്യ ഗ്രാന്റായും നൽകുന്നുണ്ട്.

(ഡി) കണക്കാക്കിയിട്ടില്ല

ബി.ജെ.പി.-യുടെ സഹായത്തോടെ എൽ.ഡി.എഫ്. കരസ്ഥമാക്കിയ തദ്ദേശഭരണ സ്ഥാനങ്ങൾ

88 [1027] ശ്രീ. വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇക്കഴിഞ്ഞ പ്രാവശ്യം നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ബി.ജെ.പി.-യുടെ സഹായത്തോടെ എൽ.ഡി.എഫിൽപ്പെട്ട എത്രപേർ ത്രിതല പഞ്ചായത്തുകളിലും, മുൻസിപ്പൽ കൗൺസിലുകളിലും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട് ;

(ബി) എവിടെയെല്ലാമാണ് ഈ സ്ഥലങ്ങൾ.?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

89 [1028] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പദ്ധതി പ്രകാരം തലസ്ഥാന നഗരത്തിന് എത്തൊക്കെ സഹായമാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പദ്ധതിക്കാവശ്യമായ സംസ്ഥാന സർക്കാർ വിഹിതം ബഡ്ജറ്റുവഴി നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ സർക്കാർ നോഡൽ ഏജൻസികളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലുന്നിയ പശ്ചാത്തല സൗകര്യങ്ങളായ ജലവിതരണം, സാനിട്ടേഷൻ, സീവറേജ്, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡ് നെറ്റ് വർക്കുകൾ മുതലായവകളുടെ വികസനം, പരിസ്ഥിതി മെച്ചപ്പെടുത്തൽ, നൈറ്റ് ഷെൽട്ടറുകൾ, കമ്മ്യൂണിറ്റി ടോയ്ലെറ്റുകൾ, സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്കും താഴ്ന്ന വരുമാന വിഭാഗക്കാർക്കും ഉതകുന്ന ഭവന നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചു നൽകുന്നതിനായുള്ള പദ്ധതികൾക്കുള്ള സഹായമാണ് ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷനിലൂടെ ലഭിക്കുന്നത്. ഇതിനായി പദ്ധതിയുടെ 80% കേന്ദ്ര സഹായവും 10% സംസ്ഥാന വിഹിതവും ലഭിക്കും. ശേഷിക്കുന്ന 10% നഗരസഭ വഹിക്കേണ്ടതുമാണ്.

(ബി) ഈ പദ്ധതിയിൽ രണ്ട് ഘടകങ്ങളുണ്ട്. ഒന്ന്, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്ക്. രണ്ട്, പാവപ്പെട്ടവർക്കായുള്ള അടിസ്ഥാന സേവനങ്ങളും. പാവപ്പെട്ട വർക്കായുള്ള അടിസ്ഥാന സേവനങ്ങൾക്കായുള്ള നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തുകയും വിശദമായ പ്രോജക്ട് തയ്യാറാക്കിത്തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി ഒരു കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാൻ വേണ്ടി ഒരു സിറ്റി ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) പാവപ്പെട്ടവർക്കുവേണ്ടി അടിസ്ഥാന സേവനങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കാൻ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കായുള്ള നോഡൽ ഏജൻസിയെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

തിരുവനന്തപുരം കോർപ്പറേഷൻ വൈദ്യുതി ശ്മശാനത്തിന്റെ കേടുപാടുകൾ തീർക്കാൻ നടപടി

90 [1029] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ അധീനതയിലുള്ള വൈദ്യുതി ശ്മശാനം കേടായത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly